പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1779 04.12.2015 - ൽ മറുപടിയ്ക്ക്

**താലോലം പദ്ധതി**

ചോദ്യം

ശ്രീ. റ്റി.വി.രാജേഷ്

ഉത്തരം

ഡോ: എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി, കുട്ടികൾക്കുണ്ടാവുന്ന ഏതെല്ലാം രോഗങ്ങളുടെ ചികിത്സക്ക് എത്ര രൂപവരെയാണ് ഫണ്ട് അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ ; | (എ) | 18 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകിവരുന്ന പദ്ധതിയാണ് താലോലം. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ സെറിബ്രൽ പാൽസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവെയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിതസന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്ത വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാക്കുന്നു. നിലവിൽ പദ്ധതിയിലൂടെ ചികിത്സാ ചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | നിലവിൽ ഏതെല്ലാം ആശുപത്രികളിൽ നിന്നുള്ള ചികിത്സയ്ക്കാണ് ഫണ്ട് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) | ചുവടെപറയുന്ന 18 സർക്കാർ ആശുപത്രികളിലൂടെയാണ് താലോലം പദ്ധതി നടപ്പിലാക്കിവരുന്നത്<br>1. ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br>2. ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ. |

| | | | |
|---|---|---|---|
| | | | 3.ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ<br>4. ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്<br>5.ഗവ. മെഡിക്കൽ കോളേജ്, കോട്ടയം.<br>6. ഐ.എം.സി.എച്ച്. കോഴിക്കോട്<br>7.ഐ.സി.എച്ച്, കോട്ടയം<br>8. ഗവ. മെഡിക്കൽ കോളേജ്,എറണാകുളം<br>9. കോപ്പറേറ്റീവ് മെഡിക്കൽ കോളേജ്. പരിയാരം, കണ്ണൂർ.<br>10. ഗവ. മെഡിക്കൽ കോളേജ് ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ.<br>11. എസ്.സി.റ്റി.ഐ.എം.എസ്.റ്റി. തിരുവനന്തപുരം<br>12.ആർ.സി.സി, തിരുവനന്തപുരം<br>13. എസ്.എ.റ്റി.തിരുവനന്തപുരം.<br>14. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ.<br>15. ജില്ലാ ആശുപത്രി, ആലുവ<br>16. ICCONS, ഷൊർണ്ണൂർ, മഞ്ചേരി. മലപ്പുറം.<br>17. ICCONS, തിരുവനന്തപുരം.<br>18. ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി. മലപ്പുറം. |
| (സി) | പരിയാരം മെഡിക്കൽ കോളേജിൽ താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര രൂപ നൽകിയിട്ടുണ്ട് ; ഇനി എത്ര രൂപ കൊടുക്കുവാൻ കുടിശ്ശികയുണ്ട് ; വിശദാംശം നൽകുമോ ? | (ഡി) | പരിയാരം മെഡിക്കൽ കോളേജിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ ചികിത്സയ്ക്കായി നാളിതുവരെ 1,30,00,000/- രൂപ ആശുപത്രിയ്ക്ക് അനുവദിച്ചിട്ടുണ്ട്.ഫണ്ട് തീരുന്ന മുറയ്ക്ക് ആശുപത്രി അധികൃതരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി/ ഗവേണിംഗ് ബോഡിയുടെ അനുമതിയ്ക്ക് വിധേയമായി തുക അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ